# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.350 — 07.08.2017 ൽ മറുപടിക്ക്

## വിലക്കയറ്റം തടയുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.കെ.ബഷീർ : | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് വിലക്കയറ്റം തടയുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വില വർദ്ധനവ് നിയന്ത്രിക്കുന്നതിന് സപ്ലൈകോ വഴി 13 ഇനം അവശ്യസാധനങ്ങളും, OMSS (Open Market Sale Scheme) പുഴുക്കലരി, പച്ചരി, ആന്ധ്ര ഇതര ജയ അരി എന്നിവയും സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്നു. കൂടാതെ 28 ഇനം അവശ്യ സാധനങ്ങൾ പൊതു വിപണിയേക്കാൾ 10 മുതൽ 20 ശതമാനം വരെ വിലകുറച്ച് ഫ്രീസെയിൽ സബ്സിഡി നിരക്കിലും മറ്റ് അവശ്യ സാധനങ്ങളും, FMCG (Fast Moving Consumer Goods) ഉൽപ്പന്നങ്ങളും MRP യേക്കാൾ 5 മുതൽ 30% വരെ വിലക്കുറവിലും പൊതുജനങ്ങൾക്ക് ലഭ്യമാക്കി വരുന്നു. |
| (ബി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ മറ്റ് സംസ്ഥാനങ്ങളിൽ നിന്നും സാധനങ്ങൾ വാങ്ങുന്നതിന് ഇടനിലക്കാർക്ക് എന്തെങ്കിലും പങ്കുണ്ടോ; വിശദമാക്കുമോ;<br><br>(സി) എങ്കിൽ ഇടനിലക്കാരെ ഒഴിവാക്കി മറ്റ് സംസ്ഥാന വിപണികളിൽ നിന്നും സാധനങ്ങൾ നേരിട്ട് വാങ്ങുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) യും (സി) യും സപ്ലൈകോ നിലവിൽ ഇ-ടെണ്ടർ സംവിധാനത്തിലൂടെയാണ് അവശ്യ സാധനങ്ങൾ വാങ്ങുന്നത്. ഇ-ടെണ്ടർ രജിസ്ട്രേഷൻ നിബന്ധനകളും ടെണ്ടർ വ്യവസ്ഥകളും പാലിച്ചുകൊണ്ട് ഉൽപാദകർക്കും മൊത്തവിതരണക്കാർക്കും ഒരുപോലെ രാജ്യത്ത് എവിടെ നിന്നും ഇ-ടെണ്ടറിൽ പങ്കെടുക്കാവുന്നതാണ്. |
| (ഡി) വിപണിവില പിടിച്ച് നിർത്തുന്നതിനും ഗുണമേന്മയുള്ള സാധനങ്ങൾ വിതരണം ചെയ്യുന്നതിനും സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വിശദാംശം നൽകുമോ? | (ഡി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി വാങ്ങുകയും വിൽക്കുകയും ചെയ്യുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുവാൻ കർശനമായ ഗുണനിലവാര പരിശോധന സംവിധാനങ്ങൾ നിലവിലുണ്ട്. ഓരോ ഡിപ്പോകളിലെയും ക്വാളിറ്റി |

അഷ്വറൻസ് കമ്മിറ്റി. ഡിപ്പോകളിൽ ലഭിക്കുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം നിയമ പ്രകാരമാണെന്ന് ഉറപ്പ വരുത്തുവാൻ പരിശോധന നടത്തിയതിനുശേഷമാണ് സാധനങ്ങൾ സ്വീകരിക്കുന്നത്. കോർപ്പറേഷൻ വിൽക്കുന്ന പാക്കറ്റ് വസ്തുക്കൾക്ക് ISO 22000 / HACCP / AGMARK / FSSAI ഗുണനിലവാരം നിർബന്ധമാക്കിയിട്ടുണ്ട്. ഭക്ഷ്യ വസ്തുക്കളുടെ സാമ്പിളുകൾ ആവശ്യമെങ്കിൽ റീജിയണൽ അനലറ്റിക്കൽ ലാബിലും NABL (National Accreditation Board for Testing and Calibration Laboratories) കോന്നിയിലുള്ള CFRD ലാബിലും പരിശോധിക്കുന്നു.

പൊതു കമ്പോളത്തിലെ വില നിയന്ത്രണ വിധേയമാക്കുന്നതിന് ലീഗൽ മെട്രോളജി. ഫുഡ് സേഫ്റ്റി, സിവിൽ സപ്ലൈസ് തുടങ്ങിയ വകുപ്പുകൾ സംയുക്തമായി സ്ക്വാഡുകൾ രൂപീകരിച്ച് പ്രത്യേക പരിശോധന നടത്തി വരുന്നു.

സെക്ഷൻ ഓഫീസർ